കോഴിക്കോട് മെഡിക്കൽ കോളേജ്

കാഷ്വാലിറ്റി യൂണിറ്റിനോടു ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഐ.സി. യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ബ്ലഡ് ബാങ്ക് നവീകരിച്ചിട്ടുണ്ട്. 1.42 കോടി രൂപ കേന്ദ്ര സഹായത്തോടുകൂടി ട്രോമാകെയർ സെന്റർ നവീകരിച്ചിട്ടുണ്ട്. അവിടെ മൂന്ന് വെന്റിലേറ്ററുകളും ആർത്രോസ്കോപ്പും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അത്യാഹിത വിഭാഗത്തിലെയും ഒ. പി. വിഭാഗത്തിലെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഒ. പി. വിഭാഗത്തിലെ രോഗികളുടെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൂടുതൽ കൗണ്ടറുകൾ തുറക്കുകയും അംഗ പരിമിതരായവർക്കും വൃദ്ധരായവർക്കും പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൃദ്ധരായ രോഗികൾക്ക് പ്രത്യേക ഒ. പി. വിഭാഗവും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അത്യാഹിത വിഭാഗത്തോടുചേർന്ന് അപകടത്തിൽപ്പെട്ട് എത്തുന്ന രോഗികളെ ചികിത്സിക്കുന്നതിനും പ്രത്യേക പരിചരണം നൽകുന്നതിനുമായി ട്രോമാകെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. അത്യാഹിത വിഭാഗത്തോടുചേർന്ന് 'ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ' രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ഒ.പി. അത്യാഹിത വിഭാഗങ്ങൾ പുനരുദ്ധരിക്കുന്നതിനും നവീകരണത്തിനും ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ എടുത്തു വരുന്നുണ്ട്. എറണാകുളം ജില്ലാ ആശുപത്രിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ട്രോമകെയർ യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലാ ആശുപത്രി, ആലുവ, ചാലക്കുടി എന്നീ താലൂക്ക് ആശുപത്രികളിലും ഒ. പി. അത്യാഹിത വിഭാഗങ്ങളുടെ നവീകരണത്തിനായി 4,40,000 രൂപ ഈ സാമ്പത്തിക വർഷം ചെലവാക്കിയിട്ടുണ്ട്.

എം. ജി. പി. പ്രകാരം പോലീസ് വകുപ്പിലെ പരിഷ്ക്കാരങ്ങൾ

*22 [530] ശ്രീ. കെ. കെ. ഷാജു:

„ ഉമേഷ് ചള്ളിയിൽ:

„ എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. പി.-യുടെ ഭാഗമായി പോലീസ് വകുപ്പിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനക്കൂട്ടനിയന്ത്രണം ഫലപ്രദമാക്കുന്നതിനുവേണ്ടി എം.ജി.പി.-യിൽ ഉൾപ്പെടുത്തി ആധുനിക വീഡിയോവിഷ്വൽ ഉപകരണങ്ങൾ പോലീസ്സേനയ്ക്കു വേണ്ടി സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) പോലീസ് വകുപ്പിലെ ആധുനികവത്ക്കരണ പദ്ധതിയുടെ ഭാഗമായി എം.ജി.പി.-യുടെ സർവ്വീസ് ഡെലിവറി പ്രോജക്ടിൽ ഉൾപ്പെടുത്തി 57 പോലീസ് സ്റ്റേഷനുകളെ തെരഞ്ഞെടുത്ത് മാതൃകാ പോലീസ് സ്റ്റേഷനുകൾ ആക്കി നവീകരിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. നവീകരണത്തിന്റെ ഭാഗമായി ഈ സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ പ്രവർത്തനം ആരംഭിച്ചു. പോലീസ് സ്റ്റേഷനുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പോലീസുകാരുടെ ഡ്യൂട്ടി സമയം 8 മണിക്കൂർ ആയി നിജപ്പെടുത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുക, കെട്ടിട സൗകര്യം വിപുലപ്പെടുത്തുക, വാഹനങ്ങൾ വാങ്ങുക, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയ്ക്കായി സമർപ്പിച്ച പദ്ധതികൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഒന്നും എം.ജി.പി.-യിൽ ഇല്ല. എന്നാൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, പൊതുജനങ്ങൾക്ക് വേഗത്തിലും എളുപ്പത്തിലും സേവനലഭ്യത ഉറപ്പു വരുത്തുന്നതിനുമായി പോലീസ് സ്റ്റേഷനുകളിൽ എം.ജി.പി.-യുടെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങുന്നുണ്ട്.

(സി) ഈ നിർദ്ദേശം പരിശോധിച്ചു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധുമുട്ടുകൾ പരിഹരിക്കാൻ നടപടി

*23 [531] ഡോ. തോമസ് ഐസക്:

ശ്രീ. ടി. കെ. ദേവകുമാർ:

,, വി. കെ. ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly